LIBRARY ARCHIVES Kerala Legislative Assembly

ഹൈടെക് കൃഷി പദ്ധതി

124 (3327) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷി പദ്ധതി ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്രയെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് പ്രസ്തുത കൃഷിക്കുള്ള സബ്സിഡി ഇനമായി എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു എന്നു പറയുമോ?

ഉത്തരം

(എ) ഹൈടെക് കൃഷി പദ്ധതി ആരംഭിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 45 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിൽ 5.07 കോടി രൂപ അനുവദിച്ചു. 2015-16-ൽ 410.04 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുന്നതും കണിക ജലസേചനം, പരിശീലനം എന്നീ ഘടകങ്ങളും കൂടി ഉൾപ്പെടും.

(ബി) കർഷകർക്ക് ഹൈടെക് കൃഷിക്കുള്ള സബ്സിഡി ഇനത്തിൽ 3.67 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു.

അഭയ കർഷക പെൻഷൻ

125 (3328) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പാക്കി വരുന്ന അഭയ കർഷക പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ടി പെൻഷൻ നൽകുന്നതിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ആയത് എപ്പോൾ കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അഭയ കർഷക പെൻഷൻ എന്ന പേരിൽ പെൻഷൻ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.